"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് – സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ ശേഖരിക്കുന്ന TCS ഇനത്തിലെ തുക സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വരവാക്കുന്നതിനായി 14 ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ.(സാധാ)നം. 7649/2022/ധന** **തീയതി, തിരുവനന്തപുരം, 14.11.2022**

പരാമർശം :– 1. 16.04.2018 ലെ സ.ഉ (കൈ) നമ്പർ 29/2018 നി.വ ഉത്തരവ്.
2. 01.07.2021 ലെ സ.ഉ (ആർ.ടി) നമ്പർ 426/2021/നി.വ ഉത്തരവ്.
3. 29.11.2021 ലെ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ SLTY/1059/2021-22 നമ്പർ നടപടിത്തീർപ്പ്.
4.29.11.2021 ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എസ്റ്റാ 2/3007/2021/22/KSLASWFB നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിനെ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ മൊത്ത വിതരണക്കാരനായി നിയമിച്ചുകൊണ്ടും സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിന്മേലുള്ള ജി എസ് ടി തുകയുടെ ഒടുക്കൽ ഉത്തരവാദിത്തം ഏൽപ്പിച്ചു കൊണ്ടും ഉത്തരവായിട്ടുണ്ട്. 2020 ലെ കേന്ദ്ര ധന നിയമം, വകുപ്പ് 206 C(iH) പ്രകാരം ലോട്ടറി വിൽപ്പനയുമായി ബന്ധപ്പെട്ട് ഒരു സാമ്പത്തിക വർഷം 50,00,000/- (അമ്പത് ലക്ഷം) രൂപയ്ക്ക് മുകളിൽ ലോട്ടറി പർച്ചേസ് ചെയ്യുന്ന ഏജന്റുമാരിൽ നിന്നും 2021 ജൂലൈ 1 മുതൽ 0.1% നിരക്കിൽ TCS (Tax Collected at Source) ഡിഡക്ട് ചെയ്യുന്നതിനായി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 3 പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ TCS ഡിഡക്ട് ചെയ്യുന്നതിന് ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ടിക്കറ്റ് വില്പനയിലൂടെ ശേഖരിക്കുന്ന TCS ഇനത്തിലെ തുക സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിലേക്ക് ദിനം പ്രതി വരവാക്കേണ്ടതാണെന്നും സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ TAN നമ്പർ ഉള്ള ഇൻവോയ്സ് നൽകി സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ ശേഖരിക്കുന്ന TCS ഇനത്തിലെ തുക സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വരവാക്കുന്നതിനായി സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ 14 ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും അതത് ഓഫീസിനോടടുത്ത ട്രഷറിയിൽ ഓരോ സ്പെഷ്യൽ

ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ ശേഖരിക്കുന്ന TCS ഇനത്തിലെ തുക സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ വരവാക്കുന്നതിനായി 14 ജില്ലാ ക്ഷേമനിധി ഓഫീസർമാർക്കും അതത് ഓഫീസിനോടടുത്ത ട്രഷറിയിൽ ഓരോ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന്, ലോട്ടറിയ്ക്ക് TCS ഈടാക്കേണ്ടതുണ്ടോ എന്നതിൽ ആദായനികുതി വകുപ്പിൽ നിന്നും തീരുമാനം ആകുന്നതുവരെ മാത്രം, പ്രസ്തുത എസ്. ടി. എസ്. ബി അക്കൗണ്ടുകൾ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുരേഷ് കുമാർ.ഒ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
നികുതി വകുപ്പ് (UO (F) No. TAXES-H1/113/2022-TAXES കമ്പ്യൂട്ടർ നമ്പർ 2045959 പ്രകാരം)
ധനകാര്യ (വ്യയം - ബി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E File No: 2001842)

ഉത്തരവിൻ പ്രകാരം
Manjish
സെക്ഷൻ ഓഫീസർ